MAZHUPPEL CHITS ESTD: 1994

# മഴുപ്പേൽ ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്

പയ്യാവൂർ, Ph: 04602210679, Mob: 9446510679

Rs.

Dt.

ചിട്ടി ആക്ട് 1982 (സെൻട്രൽ ആക്ട് 40 ഓഫ് 1982 പ്രകാരം) ന് വിധേയമായി കണ്ണൂർ ജില്ലാ ചിട്ടി ഡെപ്യൂട്ടി രജിസ്ട്രാരുടെ ........................ നമ്പർ ഉത്തരവിൽ പ്രകാരം അനുവാദം ലഭിച്ച **പ്രതിവാര/ദ്വൈവാര** ലേലചിട്ടിയുടെ എഗ്രിമെന്റ്

## Form No. VIII ഫോം ഓഫ് ചിറ്റ് എഗ്രിമെന്റ്

(തലയാളും ചിറ്റാളന്മാരും തമ്മിൽ ഏർപ്പെട്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ)

മഴുപ്പേൽ ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡിൽ വച്ച് നടത്തുന്ന ദ്വൈവാര/പ്രതിവാര ലേലചിട്ടിയുടെ നടത്തിപ്പിന് വേണ്ടി കമ്പിനി മാനേജിംഗ് ഡയറക്ടർ ചിട്ടി തലയാൾ മഴുപ്പേൽ റിച്ചാർഡ് ജോസഫും ചിറ്റാളന്മാരും തമ്മിൽ ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ.

1. ഈ ചിട്ടി ശ്രീകണ്ഠപുരം സബ് രജിസ്ട്രാർ ആഫീസിൽ ............................ നമ്പർ ആയി രജിസ്റ്റർ ചെയ്യിട്ടുള്ളതാകുന്നു.
2. 20      - മാണ്ട് ......................... മാസം ................-ാം തീയതി ...........................-ാം നമ്പരായി രജിസ്റ്റർ ചെയ്യിട്ടുള്ളതാകുന്നു. മുമ്പൻ റിച്ചാർഡ് ജോസഫ് S/o. ജോസഫ് മഴുപ്പേൽ വയസ് .................. ചിട്ടി തലയാൾ, പയ്യാവൂർ അംശം ദേശം, പി.ഒ. പയ്യാവൂർ, കണ്ണൂർ ജില്ല, പിൻകോഡ്-670 633, ഫോൺ നമ്പർ: 04602210679 ഈ ചിട്ടിയുടെ മുമ്പൻ (ഫോർമാൻ) ആകുന്നു.

**I. ചിട്ടി തുക:** ഈ ചിട്ടിക്ക് ...................... രൂപ തവണ സംഖ്യയും ആകെ .................... തവണകളും കൂടി മൊത്തം ....................... രൂപ ചിട്ടി തുകയും ഉണ്ടായിരിക്കുന്നതാണ്. മേൽപറഞ്ഞിട്ടുള്ള തവണ സംഖ്യ യാതൊരു കിഴിവും കൂടാതെ ആദ്യ തവണ അടക്കേണ്ടതും രണ്ടാമതു തവണ മുതൽ മേൽപറഞ്ഞ തവണ സംഖ്യയിൽ നിന്നും ലേല കിഴിവു നീക്കിയുള്ള സംഖ്യ അടയ്ക്കേണ്ടതുമാണ്. ചിട്ടി ലേലത്തിൽ പിടിച്ച ചിറ്റാളനു മുമ്പൻ കമ്മീഷനും ലേലകിഴിവും കഴിച്ചുള്ള സംഖ്യ മാത്രം പ്രൈസ് സംഖ്യയായി ലഭിക്കുന്നതാകുന്നു.

**II. ചിട്ടിയുടെ കാലാവധി:** ചിട്ടിയുടെ ഒന്നാമത് തവണ ................ ാം മാണ്ട് ..................... മാസം ...................-ാം തീയതിയും തുടർന്ന് എല്ലാ ......................... ആഴ്ചയും പകൽ .............. മണിക്ക് ചിട്ടി നടത്തുന്നതും ആകെ .................... തവണകൾക്കൊണ്ട് ചിട്ടി തീരുന്നതും ഈ ചിട്ടി ............... ാം മാണ്ട് ........................... മാസം .......................-ാം തീയതി ചിട്ടി അവസാനിക്കുന്നതുമാകുന്നു. ബന്ദ്, ഹർത്താൽ, സമരങ്ങൾ, ക്രമസമാധന പ്രശ്നങ്ങൾ, പൊതുഅവധി എന്നിവമൂലം ഓഫീസ് സാധ്യമാകാത്ത സാഹചര്യങ്ങളിൽ ചിട്ടി അടുത്ത പ്രവർത്തി ദിവസങ്ങളിൽ നടത്തുന്നത് അനുസരിച്ച് ചിട്ടിയുടെ അവസാന തവണ തീയതിക്ക് മാറ്റം വരുന്നതാണ്.

**III. ചിട്ടിയുടെ ലേലം:** പയ്യാവൂരിലുള്ള PGP X/632 -ാം നമ്പർ കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള മഴുപ്പേൽ ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ ആഫീസിൽ എല്ലാ തവണ തീയതിയിലും .................... മണിക്ക് ലേലം നടത്തപ്പെടുന്നതുമാകുന്നു. ചിട്ടി ലേലം ഓൺലൈൻ ആയാണ് നടത്തുന്നത്. ഇതിനുവേണ്ടി വാട്സാപ്പിൽ ഒരു ഗ്രൂപ്പ് ആക്കി അതിൽ എല്ലാ ചിറ്റാളൻമാരുടെയും വാട്സാപ്പ് നമ്പർ ആഡ് ചെയ്ത് ഈ ഗ്രൂപ്പിൽ ലേലം നടത്തുന്നതാണ്. ചിട്ടി ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ഈ ഗ്രൂപ്പിൽ വിളിക്കാൻ ഉദ്ദേശിക്കുന്ന തുക ടൈപ്പ് ചെയ്ത് അയച്ച് ചിട്ടി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. പരമാവധി 40% വരെയാണ് ചിട്ടി ലേലം വിളിക്കാവുന്നത്. ഏറ്റവും കൂടുതൽ തുക ടൈപ്പ് ചെയ്ത് ലേലം വിളിക്കുന്നവർക്ക് ലേലം ഉറപ്പിക്കുന്നതാണ്. 10 മിനിറ്റാണ് ചിട്ടിലേലം വിളിക്കാൻ അനുവദിക്കുന്ന സമയം. ചിട്ടി തുടങ്ങി 10 മിനിറ്റ് കഴിയുമ്പോൾ ഗ്രൂപ്പ് അഡ്മിൻ ഒൺലി ആക്കുന്നതോടുകൂടി ചിട്ടി ലേല സമയം അവസാനിക്കുന്നു. ഈ സമയത്തിനുള്ളിൽ ഒരേ തുക ഒന്നിലധികം ആളുകൾ വിളിച്ചിട്ടുണ്ടെങ്കിൽ അവരുടെ നമ്പറുകൾ നറുക്കിട്ടെടുത്ത്, നറുക്ക് കിട്ടുന്ന ആൾക്ക് ചിട്ടി ലേലം ഉറപ്പിക്കും. അനിയന്ത്രിതമായ കാരണങ്ങളാൽ ചിട്ടയായ ആഫീസ് പ്രവർത്തനം സാധ്യമാകാത്ത സാഹചര്യങ്ങളിൽ (ബന്ദ്, ഹർത്താൽ, സമരങ്ങൾ, ക്രമസമാധന പ്രശ്നങ്ങൾ, പൊതുഅവധി എന്നിവ) ചിട്ടി ലേലം അടുത്ത പ്രവർത്തി ദിവസം നടത്തുന്നതായിരിക്കും. ഒന്നാമത് തവണ മുമ്പൻ ലേലം കൂടാതെ പിരിച്ചെടുക്കുന്നതും അന്നുതന്നെ രണ്ടാമതുതവണ മുൻകൂർ ലേലം ചെയ്യുന്നതും ശേഷമുള്ള ഓരോ തവണയും അപ്രകാരം മുൻകൂർ ലേലം ചെയ്യുന്നതുമാണ്. ..................... രൂപയുടെ ഒരു നമ്പർ ചിട്ടിക്ക് .................... രൂപ കുറച്ച് ലേലം തുടങ്ങുന്നതാണ്.

**IV. ഫോർമാൻ സെക്യൂരിറ്റിയായി നൽകുന്ന ഡെപ്പോസിറ്റ് തുകയുടെ വിശദവിവരം**

1. ചിട്ടി ആക്ട് സെക്ഷൻ 20 (a) : ഈ ചിട്ടിയുടെ ശരിയായ നടത്തിപ്പിന് ജാമ്യമായി മുൻപൻ ചിട്ടി ആക്ട് 20-ാം വകുപ്പ് പ്രകാരം ചിട്ടി സലക്ക് തുല്യമായ .................................. രൂപ ................................................................ ശ്രീകണ്ഠപുരം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ് എന്ന പേരിൽ ..................................................ാം നമ്പർ രസീതുപ്രകാരം ക്യാഷ് ഡെപ്പോസിറ്റായി ........................................................................................ ശാഖയിൽ ........................... തീയതിയിൽ നിക്ഷേപിച്ച് ശ്രീകണ്ഠപുരം അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ പേർക്ക് ചിറ്റാളന്മാർക്ക് വേണ്ടി ജാമ്യം സ്ഥാപിച്ചിട്ടുള്ളതുമാണ്.
2. ചിട്ടി ആക്ട് സെക്ഷൻ 20 ൽ പറഞ്ഞിട്ടുള്ള ജാമ്യം മതിയായതാണെന്നുള്ളതിന് ശ്രീകണ്ഠപുരം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സിന്റെ .................... -ാം തീയതിയിലെ ........................... -ാം നമ്പർ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതാകുന്നു.
3. ചിട്ടി ഫോർമാൻ ചിട്ടി സംബന്ധമായി മുഴുവൻ ബാധ്യതകളും വിടർത്തുന്ന മുറയ്ക്കല്ലാതെ പ്രസ്തുത മുഴുവൻ സെക്യൂരിറ്റിയും ചിട്ടി ഫോർമാൻ തിരികെ വാങ്ങാൻ പാടില്ലാത്തതും ലഭിക്കുന്നതല്ലാത്തതും ആകുന്നു.

**V. ചിട്ടി നടത്തിപ്പിന്റെ രീതി**

1. ഈ ചിട്ടി ........................ രൂപ തവണ സംഖ്യയും ........................ തവണ കാലാവധിയുള്ളതുമാകുന്നു. ചിട്ടി സലയുടെ ...........................% ആയ ................................. രൂപ ഫോർമാൻ കമ്മീഷൻ ആയും, ലേലസമയം 10 മിനിട്ട് ആയും ക്ലിപ്തപ്പെടുത്തിയിട്ടുള്ളതാകുന്നു. ചിട്ടി തുകയ്ക്ക് അർഹരായവരെ ലേലത്തിൽ കൂടിയോ, നറുക്കിട്ടെടുത്തോ നിശ്ചയിക്കുന്നതാകുന്നു. ഈ ചിട്ടിയുടെ ലേലം ആർട്ടിക്കിൾ III ൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്തും തീയതിയിലും സമയത്തും നടത്തുന്നതുമാണ്.
2. ഓരോ ചിട്ടി ലേല ദിവസവും ആകെ സലയിൽ നിന്നും ഫോർമാൻ കമ്മീഷനായ ........................ കുറച്ച് ലേലം വിളിച്ച് തുടങ്ങുന്നതും അതായത് ഓരോ ലേലത്തിലും ........................ രൂപ വീതം കുറച്ച് കൂടുതൽ തുക

ഉപേക്ഷിക്കുന്ന ചിറ്റാളന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തേണ്ടതും, എന്നാൽ 40% തുകയിൽ കൂടുതൽ കുറവ് ചെയ്യാൻ പാടില്ലാത്തതുമാകുന്നു. 40% തുക കുറച്ച് വിളിക്കാൻ ഒന്നിൽ കൂടുതൽ ചിറ്റാളന്മാർ ഉണ്ടായാൽ ലേലം നറുക്കിട്ടെടുത്ത് സ്ഥിരപ്പെടുത്തുന്നതുമാണ്.

3. ഏതെങ്കിലും കാരണവശാൽ ഫോർമാൻ കമ്മീഷൻ കഴിച്ച് ലേലം വിളിക്കാൻ ആളില്ലാതെ വന്നാൽ വരിസംഖ്യ കുടിശ്ശിക ഇല്ലാത്ത ചിറ്റാളന്മാരുടെ പേരുകൾ നറുക്കിട്ടെടുത്ത് ചിട്ടി പിടിച്ച ചിറ്റാളനെ നിശ്ചയിക്കുന്നതും അപ്രകാരം നിശ്ചയിക്കപ്പെടുന്ന ആളിന് ഫോർമാൻ കമ്മീഷൻ കഴിച്ചുള്ള തുകയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതുമാണ്.
4. കുറി തവണ മുടക്ക് വരുത്തിയിട്ടുള്ള ചിറ്റാളന്മാർക്ക് ലേലത്തിൽ പങ്കെടുക്കുവാൻ അവകാശമില്ല.
5. ഏതെങ്കിലും കാരണവശാൽ ചിറ്റാളന് ലേലത്തിൽ പങ്കെടുക്കാൻ കഴിയാതെവരുന്ന പക്ഷം ചിറ്റാളന്റെ എഴുത്ത് മുഖേന അധികാരം സിദ്ധിച്ച ആളിനെ ലേലത്തിൽ പങ്കെടുപ്പിക്കുവാൻ ഫോർമാന് അവകാശം ഉണ്ടായിരിക്കുന്നതാണ്. ചിറ്റാളന്റെ എഴുത്ത് മുഖേന ഫോർമാനും ഏജന്റായി ലേലത്തിൽ സംബന്ധിക്കാവുന്നതാണ്.

## VI. ചിട്ടി തവണകൾ അടയ്ക്കേണ്ട രീതി

1. ചിട്ടിക്ക് ചിറ്റാളന്മാർ അടയ്ക്കേണ്ട തുക ചിട്ടി ദിവസം ലേല സമയത്തിന് മുമ്പ് അടച്ച് മുറപ്രകാരമുള്ള രസീത് വാങ്ങിക്കൊള്ളേണ്ടതും ഫോർമാന്റെ കൈയ്യൊപ്പും സീലും ഇല്ലാത്ത രസീതുകൾ സ്വീകാര്യമല്ലാത്തതുമാകുന്നു.
2. ചിട്ടി പിടിച്ച ചിറ്റാളൻ ഏതെങ്കിലും തവണ സംഖ്യ അതാത് തവണ തീയതിക്ക് മുമ്പ് അടയ്ക്കാത്തപക്ഷം മുഴുവൻ സംഖ്യയും മറു ചിട്ടിയ്ക്കകം 12% കൂടുന്ന പലിശ സഹിതം അടയ്ക്കേണ്ടതാണ്. അപ്രകാരം ചെയ്യാതിരുന്നാൽ മുടക്ക് തീയതി മുതൽ മേൽ ബാദ്ധ്യത പൂർണ്ണമായും മുടക്ക് തീയതി മുതൽ 12% കവിയാത്ത പലിശയും ചെലവു സഹിതം ഒന്നായി ചിറ്റാളന്റെ സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നും ജാമ്യക്കാരിൽ നിന്നും ഈടാക്കി എടുക്കുന്നതിന് ഫോർമാന് അവകാശം ഉണ്ടായിരിക്കുന്നതാണ്.
3. ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർ അതാത് തവണ സംഖ്യ തവണ തീയതിക്ക് തന്നെ അടയ്ക്കാത്ത പക്ഷം 12% കൂടുന്ന പലിശയോടുകൂടി അടുത്ത തവണ തീയതിക്കോ അതിന് മുമ്പോ അടയ്ക്കേണ്ടതും അപ്രകാരം ചെയ്യാതിരുന്നാൽ നിയമപ്രകാരം നോട്ടീസ് നൽകി അത്രയും സംഖ്യ ഫോർമാൻ ഇറക്കി നടത്തുന്നതിനും പകരം ആൾ ചേർത്ത് നടത്തുന്നതിന് ഫോർമാന് അവകാശം ഉണ്ടായിരിക്കുന്നതും, മുടക്കം വരുത്തിയ ചിറ്റാളിനെ നീക്കം ചെയ്ത് പകരം ആൾ ചേർത്ത് വിവരം 14 ദിവസത്തിനകം മുടക്ക് ചിറ്റാളിനെ അറിയിക്കേണ്ടതുമാണ്. നീക്കം ചെയ്ത ചിറ്റാളന് അടച്ച തവണകളിലെ വീതപ്പലിശയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും അടച്ച തുകയിൽ നിന്നും ഫോർമാൻ കമ്മീഷനും GST-യും കഴിച്ചുള്ള തുക നൽകുന്നതുമാണ്.
4. ചിട്ടി പിടിക്കാത്ത ഒരു മുടക്കു ചിറ്റാളനു പകരം ചേർക്കപ്പെടുന്ന പുതിയ ചിറ്റാളനിൽ നിന്നും ഈടാക്കുന്ന തുകയിൽ നിന്നും മുടക്കു ചിറ്റാളനു ലഭിക്കേണ്ടതായ തുക ഫോർമാൻ അംഗീകൃത ബാങ്കിൽ പ്രത്യേകം ഡെപ്പോസിറ്റ് ചെയ്യേണ്ടതും ആ തുക മുടക്കു ചിറ്റാളൻ ആവശ്യപ്പെടുമ്പോൾ മുമ്പൻ നൽകേണ്ടതുമാണ്. അപ്രകാരം നൽകിയില്ലെങ്കിൽ പ്രസ്തുത തുക പലിശ സഹിതം ഈടാക്കുവാൻ മുടക്കു ചിറ്റാളന് അവകാശമുള്ളതുമാണ്.

## VII. ചിട്ടി പിടിച്ച ചിറ്റാളൻ ചിട്ടി പണം കൈപ്പറ്റുന്നതിന് വേണ്ട നടപടിക്രമങ്ങൾ

1. ചിട്ടി പിടിച്ച ചിറ്റാളനോ അല്ലെങ്കിൽ അയാളുടെ അവകാശിയോ ഫോർമാന് ബോധ്യമായ ജാമ്യം നൽകി ഒരു മാസത്തിനുശേഷം ചിട്ടി സംഖ്യ കൈപ്പറ്റേണ്ടതാണ്. ഇപ്രകാരം പറ്റുന്ന സംഖ്യയിൽ ചിട്ടിയുടെ മേൽ തവണകൾക്ക് അടയ്ക്കേണ്ട സംഖ്യയുടെ ഉറപ്പിലേക്ക് ഫോർമാന് യുക്തമായ ജാമ്യം ചിട്ടി പിടിച്ച ചിറ്റാളനോ അയാളുടെ അവകാശിയോ കൊടുക്കേണ്ടതാണ്.
2. ഏതെങ്കിലും കാരണവശാൽ ചിട്ടി പിടിച്ച ചിറ്റാളനോ, അയാളുടെ അവകാശിയോ മതിയായ ജാമ്യം നൽകി ചിട്ടി സംഖ്യ കൈപ്പറ്റിയില്ലെങ്കിൽ ആ സംഖ്യ ഫോർമാൻ അംഗീകൃത ബാങ്കിന്റെ ശാഖയിൽ നിക്ഷേപിച്ച് ചിട്ടി പിടിച്ച ചിറ്റാളനെ ആ വിവരം അറിയിക്കേണ്ടതാണ്.
3. ഏതെങ്കിലും കാരണവശാൽ നിക്ഷേപത്തുക മേൽ വയ്ക്കാനുള്ള തവണകൾക്ക് മതിയാകാതെ വന്നാൽ ആ സംഖ്യയും അതിന്മേലുള്ള പലിശയും മറ്റു ചിലവുകളും ചിറ്റാളിൽ നിന്നും ഈടാക്കുവാൻ ഫോർമാന് അവകാശം ഉണ്ടായിരിക്കുന്നതാണ്.
4. ഡെപ്പോസിറ്റ് തുകയിൽ നിന്നും മേൽ തവണകൾക്കുള്ള തുക അടച്ചുതീർത്ത ശേഷം ഏതെങ്കിലും തുക ബാക്കി വന്നാൽ ആയത് ചിട്ടി അവസാനിച്ചശേഷം ചിറ്റാളനോ, അവകാശിക്കോ ഫോർമാൻ കൊടുക്കേണ്ടതാണ്. അപ്രകാരം ചെയ്യാത്തപക്ഷം ചിട്ടി അവസാനിച്ച ദിവസം മുതൽ പ്രസ്തുത തുകയ്ക്ക് നിയമാനുസരണമുള്ള പലിശ സഹിതം ഫോർമാനിൽ നിന്നും ഈടാക്കുന്നതിന് ചിറ്റാളനോ അയാളുടെ അവകാശിക്കോ അധികാരം ഉണ്ടായിരിക്കുന്നതാണ്.
5. ചിട്ടി തുക ബാങ്കിൽ നിക്ഷേപിച്ചതിനുശേഷം ചിറ്റാളനോ അയാളുടെ അവകാശിയോ ചിട്ടി പണം പറ്റുന്നതിന് ആവശ്യമായ ജാമ്യമോ, ഉറപ്പോ ഹാജരാക്കിയാൽ ഫോർമാൻ പ്രസ്തുത ഡെപ്പോസിറ്റ് തുക പിൻവലിച്ച് അന്നുവരെ നടന്ന തവണകൾക്കുള്ള തുക അതിൽ നിന്നും കുറവ് ചെയ്തതിനുശേഷം ശേഷിക്കുന്ന തുക ചിറ്റളനോ അയാളുടെ അവകാശിക്കോ കൊടുക്കേണ്ടതാകുന്നു.
6. ചിട്ടിപിടിച്ച ചിറ്റാളനോ അയാളുടെ അവകാശിയോ ചിട്ടിപണം പറ്റുന്നതിന് ആവശ്യമായ ജാമ്യവും ഉറപ്പും ഹാജരാക്കിയിട്ടും ഫോർമാൻ ചിട്ടി പണം കൊടുക്കാതിരുന്നാൽ ആ തുകയ്ക്ക് ജാമ്യം ഹാജരാക്കിയ ദിവസം മുതലുള്ള നിയമാനുസരണമായ പലിശ സഹിതം ഫോർമാനിൽ നിന്നും ഈടാക്കുന്നതിന് ചിട്ടി പിടിച്ച ചിറ്റാളനോ അവകാശിക്കോ അവകാശം ഉണ്ടായിരിക്കുന്നതാണ്.

## VIII. വീതപ്പലിശ വീതിച്ചു കൊടുക്കൽ

ഓരോ ടിക്കറ്റിന്റെയും ഫോർമാൻ കമ്മീഷൻ ലേലാദായം ചിട്ടി പിടിച്ചവർക്കും പിടിക്കാത്തവർക്കും തുല്യമായി വീതിച്ചുകൊടുക്കേണ്ടതാണ്.

## IX. ഫോർമാൻ കമ്മീഷനും പറ്റിയെടുക്കുന്ന തവണയുടെ വിവരണവും

1. ...................................... -ാം തീയതിയിൽ ............................... തവണകളുള്ള ചിട്ടിയിലെ ഒന്നാമതു തവണ ഡിസ്കൗണ്ട് ഒന്നും കൂടാതെ ഫോർമാൻ പിരിച്ചെടുക്കുന്നതാകുന്നു. ഒന്നാമത് തവണയ്ക്കും അവസാന തവണയ്ക്കും ലേലം ഇല്ലാത്തതും അവസാന തവണ കിട്ടുന്നവർക്ക് ഫോർമാൻ കമ്മീഷൻ കഴിച്ചുള്ള മൊത്തം തുകയ്ക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്.
2. ഫോർമാൻ കമ്മീഷൻ ചിട്ടി തുകയുടെ .........% എന്ന് ക്ലിപ്തപ്പെടുത്തിയിട്ടുള്ളതും, .......................... രൂപ തവണ സംഖ്യയും .................................... ആഴ്ച കാലാവധിയും ഉള്ള ................................ രൂപയുടെ ചിട്ടിക്ക് നറുക്കൊന്നിന് .................................... രൂപ കമ്മീഷനായി ലഭിക്കുന്നതുമാകുന്നു.

3. ചിട്ടിയുടെ ഫോർമാൻ കമ്മീഷനിൽ കേന്ദ്ര സർക്കാർ ചുമത്തിയിട്ടുള്ള GST അതാത് കാലങ്ങളിൽ നിരക്കനുസരിച്ച് വരിക്കാരിൽ നിന്നും പിരിച്ചെടുക്കുവാൻ ഫോർമാന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## X. ചിട്ടി കൈമാറ്റം

1. ഫോർമാന്റെ രേഖാമൂലമായ സമ്മതം ഇല്ലാതെ ചിറ്റാളൻമാർ അവർക്ക് ചിട്ടിയിലുള്ള അവകാശം കൈമാറ്റം ചെയ്യാൻ അധികാരം ഉണ്ടായിരിക്കുന്നതല്ല. മുൻ ചിറ്റാളനുണ്ടായിരുന്നതിൽ കവിഞ്ഞ് യാതൊരു അവകാശവും പകരം ചേർന്ന ചിറ്റാളന് ഉണ്ടായിരിക്കുന്നതല്ലാത്തതും, പകരം ചേർന്ന ചിറ്റാളന് ഇതിൽ പറയുന്ന എല്ലാ വ്യവസ്ഥകളും ബാധകമായിരിക്കുന്നതുമാണ്. നീക്കം ചെയ്യപ്പെട്ട ചിറ്റാളന്മാർക്ക് ചിട്ടിയിലുണ്ടായിരുന്ന അവകാശങ്ങൾ കൈമാറ്റം ചെയ്യുന്നതിന് അപ്രകാരം ഫോർമാന്റെ അനുമതി ആവശ്യമില്ല. എങ്കിലും അപ്രകാരമുള്ള കൈമാറ്റത്തിലൂടെ നീക്കം ചെയ്യപ്പെട്ട ചിറ്റാളന് ഉണ്ടായിരുന്നതിൽ കവിഞ്ഞ യാതൊരു അവകാശവും ആയത് കൈമാറ്റം ചെയ്ത് വാങ്ങിയ ആൾക്ക് ലഭിക്കുന്നതല്ലാത്തതുമാകുന്നു.
2. ചിട്ടിപിടിച്ച ചിറ്റാളന്മാരിൽ നിന്നും തവണ സംഖ്യകൾ ഈടാക്കുവാൻ ഫോർമാനുള്ള അവകാശം അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാരുടെ രേഖാമൂലമുള്ള മുൻ അനുമതി കൂടാതെ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതും, അപ്രകാരമുള്ള കൈമാറ്റങ്ങൾ ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർക്ക് ലഭിക്കേണ്ട സംഖ്യയ്ക്ക് കാലതാമസം വരുത്തുകയോ, അത് ലഭിക്കാതിരിക്കത്തക്ക സാഹചര്യം സൃഷ്ടിക്കുകയോ ചെയ്യുന്ന പക്ഷം മേൽപറഞ്ഞ ചിട്ടി കിട്ടാത്തതും, പിടിക്കാത്തതുമായ ചിറ്റാളന്മാർക്ക് അപ്രകാരമുള്ള കൈമാറ്റങ്ങൾ ദുർബലപ്പെടുത്താവുന്നതുമാകുന്നു.

## XI. ചിട്ടി ബാലൻസ് ഷീറ്റും ചിട്ടി രേഖ പരിശോധിക്കുന്നതിന് ചിറ്റാളന്മാർക്കുള്ള അവകാശവും

1. ചിട്ടി സംബന്ധമായ ആസ്തി ബാദ്ധ്യതകളേയും അവയുടെ സ്വഭാവത്തേയും അവയിൽ ചിട്ടി ധനത്തെ വിലയിരുത്തിയ രീതിയും കാണിക്കുന്ന ചിട്ടിയുടെ വർഷാന്ത്യ ബാലൻസ് ഷീറ്റ് 28-ാം നമ്പർ ഫോറത്തിൽ തയ്യാറാക്കേണ്ടതും ചിട്ടി റൂൾ 31 പ്രകാരം ഓഡിറ്റ് ചെയ്യുന്നതിനുവേണ്ടി ഓഡിറ്റർമാർക്ക് നൽകേണ്ടതും ഓഡിറ്റഡ് ഷീറ്റ് യഥാസമയം ഫയൽ ചെയ്യേണ്ടതും ഓഡിറ്റർമാരുടെ ഒരു സർട്ടിഫിക്കറ്റ് ഫോർമാൻ വാങ്ങി സൂക്ഷിക്കേണ്ടതുമാകുന്നു.
2. ചിട്ടി സംബന്ധമായ രേഖകൾ ചിറ്റാളൻമാർക്ക് പരിശോധിക്കുന്നതിന് വേണ്ടി ചിട്ടി ദിവസങ്ങളിൽ 11 മണി മുതൽ 12 മണി വരെ മഴുപ്പേൽ ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ ആഫീസിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്.

**XII.** ചിട്ടി സംബന്ധമായ തുകകൾ ചിറ്റ്സ് ഫണ്ട് ആക്ടിൽ പറയുന്ന അംഗീകൃത ബാങ്ക് ആയ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പയ്യാവൂർ ശാഖയിൽ നിക്ഷേപിക്കുന്നതുമാകുന്നു.

## XIII. മിസ്സിലേനിയസ്

1. അവസാന തവണ പിടിച്ച ചിറ്റാളന് ഫോർമാൻ കമ്മീഷൻ കഴിച്ചുള്ള തുക മുഴുവൻ കിട്ടാൻ അവകാശമുള്ളതും പ്രസ്തുത തുക ചിട്ടി വട്ടമെത്തിയതിനുശേഷം ഒരു മാസത്തിനകം ഫോർമാൻ കൊടുക്കേണ്ടതുമാണ്. വ്യത്യാസം വരുത്തിയാൽ ചിട്ടി തുകയും ആയതിന് വട്ടമറുതി തീയതി മുതൽ നിയമാനുസരണമുള്ള പലിശ ഉൾപ്പെടെയുള്ള സംഖ്യ ഫോമർമാനിൽ നിന്നും ഈടാക്കി എടുക്കുന്നതിന് ചിറ്റാളനും അയാളുടെ നോമിനിക്കും അവകാശമുണ്ടായിരിക്കുന്നതാണ്.
2. ചിട്ടി സംബന്ധമായി ഏതെങ്കിലും വിധത്തിൽ ചിറ്റാളന്മാരിൽ നിന്നും ഫോർമാൻ പണം ഈടാക്കുവാൻ ഉണ്ടായിരുന്നാൽ ഇറക്കു സംഖ്യയിൽ ഫോർമാൻ പ്രഥമവും പ്രധാനവുമായുള്ള ബാധ്യത ഉണ്ടായിരിക്കുന്നതും, അതുപോലെ തന്നെ ചിറ്റാളന്മാർക്ക് ഫോർമാനിൽ നിന്നും ഏതെങ്കിലും തുക ചിട്ടി സംബന്ധമായി ഈടാക്കുവാൻ ഉണ്ടായിരുന്നാൽ ആ വക സംഖ്യ ഫോർമാന്റെ സെക്യൂരിറ്റി തുകയിൽ നിന്നും, ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള ചിട്ടി തുകയിൽ നിന്നും ഈടാക്കുന്നതിന് പണം കിട്ടാനുള്ള ചിറ്റാളന് അവകാശമുണ്ടായിരിക്കുന്നതാണ്.
3. ഫോർമാനും ചിറ്റാളന്മാരും തമ്മിലുള്ള എല്ലാ കൊടുക്കൽ വാങ്ങലുകളും രസീത് മുഖേന ആയിരിക്കേണ്ടതാകുന്നു.
4. യാതൊരു കാരണവശാലും ചിട്ടി മുതൽ വർദ്ധിപ്പിക്കുന്നതല്ല. എന്നാൽ ആവശ്യമെന്ന് കണ്ടാൽ കുറവ് ചെയ്യാവുന്നതാണ്.
5. ചിറ്റ് ഫണ്ട് ആക്ടിലെയും റൂളിലെയും നിബന്ധനകൾക്ക് വിരുദ്ധമല്ലാതെ ചിട്ടി ഉടമ്പടിയിൽ ഭേദഗതി വരുത്തണമെന്നുള്ള പക്ഷം ചിട്ടി പിടിക്കാത്തവരും ചിട്ടി പിടിച്ച് പണം പറ്റാത്തവരുമായ 25% ൽ കുറയാത്ത ചിറ്റാളന്മാരുടെ ഒരു യോഗം ഫോർമാൻ രേഖാമൂലം വിളിച്ചുകൂട്ടി അവരുടെ അംഗീകാരം നേടേണ്ടതാകുന്നു.
6. ഫോർമാന്റെ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ കൊണ്ട് ചിട്ടി തുടർന്ന് നടത്തുവാൻ കഴിയാതെ വരുന്ന പക്ഷം എല്ലാ ചിട്ടി കിട്ടാത്തതും പിടിക്കാത്തതുമായ ചിറ്റാളന്മാർക്ക് അവരവർ ഇറക്കിയ തുക വീതപ്പലിശ ഉൾപ്പെടെയുള്ള സംഖ്യ 60 ദിവസത്തിനകം കൊടുത്ത് തീർക്കേണ്ടതാണ്. വീഴ്ച വരുത്തിയാൽ ആ വക സംഖ്യ ചിറ്റാളന്മാർക്ക് ഫോർമാന്റെ താഴെ പറഞ്ഞിരിക്കുന്ന ആസ്തികളിൽ നിന്നും ഈടാക്കാവുന്നതുമാണ്.
    എ.) സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക
    ബി) മറ്റുള്ള വസ്തുവകകൾ
    സി.) ചിട്ടിപിടിച്ച ചിറ്റാളന്മാർ മേൽ തവണകൾക്ക് അടയ്ക്കേണ്ട തുകകൾ.
7. ഫോർമാൻ സ്ഥാനത്തല്ലാതെ ചിറ്റാൾ സ്ഥാനത്ത് ഏതെങ്കിലും നറുക്കുകൾ ഫോർമാന് ഉള്ള പക്ഷം ടി നറുക്കുകളെ സംബന്ധിച്ചിടത്തോളം മറ്റ് ചിറ്റാളന്മാർക്കുള്ളിൽ കവിഞ്ഞ് ഏതെങ്കിലും തരത്തിലുള്ള അധികാരവകാശങ്ങൾ ഇല്ലാത്തതും, അപ്രകാരമുള്ള യൂണിറ്റുകളുടെ പണം ഫോർമാൻ പറ്റുമ്പോൾ മറ്റ് ചിറ്റാളന്മാരെപ്പോലെ തന്നെ മേൽ തവണകളുടെ ഉറപ്പിലേക്ക് ചിട്ടി ആക്ടിനും റൂളിനും വിധേയമായ ജാമ്യം ഹാജരാക്കേണ്ടതാണ്.
8. ചിട്ടി കാലാവധിക്ക് മുമ്പ് ഫോർമാൻ മരണപ്പെടുകയോ ചിട്ടി തുടർന്ന് നടത്തുന്നതിന് കഴിയാതെ വരികയോ ചെയ്താൽ
    I. ചിട്ടി വട്ടമെത്തുന്നതിന് മുമ്പ് മുൻപൻ മരിച്ചുപോവുകയോ മറ്റ് അനിവാര്യ സാഹചര്യത്തിൽ കമ്പനിയുടെ ഡയറക്ടർ ഡെയ്സി റിച്ചാർഡ് മഴുപ്പേൽ എന്നയാൾ ചിട്ടി തുടർന്ന് നടത്തുന്നതാണ്.
    II. അതിന് തരപ്പെടാതെ വന്നാൽ ചിട്ടി പിടിച്ച് പണം പറ്റാത്ത ചിറ്റാളന്മാരുടെ പ്രത്യേക പൊതുയോഗ തീരുമാനം ഫോർമാനായി തിരഞ്ഞെടുക്കുന്ന ആളിനോ ചിട്ടി നടത്തി അവസാനിപ്പിക്കാവുന്നതും, അതും സാധിക്കാതെ വന്നാൽ വിശേഷാൽ നിശ്ചയം മൂലം ചിട്ടിയുടെ തുടർന്നുള്ള നടത്തിപ്പിന് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാകുന്നു.
9. ചിട്ടി നടത്തിപ്പിന് സംബന്ധിച്ച എല്ലാ തർക്കങ്ങളിലും തീരുമാനം എടുക്കാൻ ചിട്ടി ഫണ്ട് ആക്ട് 1982 സെക്ഷൻ 64 ഉം അനുബന്ധ ചട്ടങ്ങൾ പ്രകാരവും ചിട്ടി രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
10. മേൽകാണിച്ച എല്ലാ നിബന്ധനകളും ഞാൻ വായിച്ച് മനസ്സിലാക്കുകയും ആയവ എനിക്ക് ബാധകമാണെന്ന് സമ്മതിക്കുകയും ആയതനുസരിച്ച് നടന്നുകൊള്ളാമെന്ന് സമ്മതിച്ചുകൊണ്ട് ഈ ചിട്ടിയിൽ താഴെ കാണുന്ന സാക്ഷികൾ കാൺകെ .................................. ആണ്ട് ...................................... മാസം .....................................-ാം തീയതി ഇതിൽ ഞാൻ ഒപ്പിട്ടിരിക്കുന്നു.

ചിറ്റാളന്റെ പേരും പൂർണ്ണമായ മേൽവിലാസവും

1. പേര് : ........................................................................................................

2. വീട്ടുപേര് : ........................................................................................................

3. അച്ഛന്റെ / ഭർത്താവിന്റെ പേര് : ........................................................................................................

4. വയസ്സ് : [ ] Date of Birth D D M M Y Y Y Y

5. താമസസ്ഥലം : ........................................................................................................

6. പോസ്റ്റ് : ........................................................................................................

7. പിൻകോഡ് : [ ]

8. പഞ്ചായത്ത് / **മുൻസിപ്പാലിറ്റി** : ................................... വാർഡ് [ ] വീട്ടുനമ്പർ [ ]

9. വില്ലേജ് : ........................................................................................................

10. ദേശം : ........................................................................................................

11. താലൂക്ക് : ........................................................................................................

12. ജില്ല : ........................................................................................................

13. തൊഴിൽ : ........................................................................................................

14. ഫോൺ നമ്പർ : ലാന്റ് [ ] മൊബൈൽ [ ]

15. ഇ-മെയിൽ : ........................................................................................................

16. ആധാർ നമ്പർ : [ ]

17. താൽക്കാലിക മേൽവിലാസം : ........................................................................................................
: ........................................................................................................
: ........................................................................................................

18. നോമിനിയുടെ പേരും വിലാസവും : ........................................................................................................
: ........................................................................................................
: ........................................................................................................

19. ചിറ്റാളനുമായുള്ള ബന്ധം : ........................................................................................................

20. ചിറ്റാൾ നമ്പർ : ........................................................................................................

21. എടുത്ത ഓഹരി : 1 (ഒന്ന്)

22. ചിട്ടിത്തുക : ........................................................................................................

23. കസ്റ്റമർ ഐ.ഡി. : [ ]

ചിറ്റാളന്റെ പേരും ഒപ്പും ........................................................................................................

സാക്ഷികൾ

1

2

മാനേജിങ്ങ് ഡയറക്ടർ
റിച്ചാർഡ് ജോസഫ്
മഴുപ്പേൽ ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് പയ്യാവൂർ

ചിട്ടി ഫോർമാന്റെ ഒപ്പും തീയതിയും

അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ് ശ്രീകണ്ഠപുരം ആഫീസ്

സ്ഥലം :

(ഒപ്പും തീയതിയും)

തീയതി

Form Ref. No. 2(A) Copy 2500 dt. 15-02-26 rs. ........